STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.236/PR/SPMC/PHQ/2026 Date:16.06.2026

## തൂഫാൻ: 10 കോടിയിലധികം രൂപയുടെ മയക്കുമരുന്ന് പിടിച്ചെടുത്തു: ആഭ്യന്തരവകുപ്പുമന്ത്രി രമേശ് ചെന്നിത്തല

## തൂഫാൻ വാരിയറായി മോഹൻലാലും

## പോലീസ് ആസ്ഥാനത്ത് കേന്ദ്ര ഏജൻസികളുടെ വിപുലമായ യോഗം ചേർന്നു.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇതുവരെ നടന്ന റെയ്ഡിൽ 10 കോടിയിലധികം രൂപയുടെ ലഹരിവസ്തുക്കൾ പിടിച്ചെടുത്തതായി ആഭ്യന്തരവകുപ്പുമന്ത്രി രമേശ് ചെന്നിത്തല അറിയിച്ചു. ലഹരിക്കെതിരായ നിരന്തര പോരാട്ടം ശക്തമാക്കുന്നതിനും എൻഫോഴ്സ്മെന്റ് നടപടികൾ വിപുലീകരിക്കുന്നതിനുമായി കേന്ദ്ര-സംസ്ഥാന ഏജൻസികളുമായി കൈകോർത്തുകൊണ്ട് മൾട്ടി ഡിജിറ്റൽ ഇന്റഗ്രേഷൻ പ്രോജക്ട് നടപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. തൂഫാൻ വാരിയറായി പ്രവർത്തിക്കാൻ നടൻ മോഹൻലാൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്. അദ്ദേഹത്തെ കൂടാതെ നിരവധി സിനിമാ താരങ്ങളും ലഹരിക്കെതിരെ അണിനിരക്കാൻ സ്വയം സന്നദ്ധരായി മുന്നോട്ടുവന്നിട്ടുണ്ട്. തൂഫാൻ വാരിയേഴ്സ് ആയി എല്ലാവരും മുന്നോട്ടുവരണമെന്നും ആഭ്യന്തരമന്ത്രി അഭ്യർത്ഥിച്ചു.കേന്ദ്ര ഏജൻസികളെ പങ്കെടുപ്പിച്ചുകൊണ്ട് പോലീസ് ആസ്ഥാനത്ത് നടത്തിയ ഇന്റർ ഏജൻസി കോഓർഡിനേഷൻ യോഗത്തിനുശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ഓപ്പറേഷൻ തൂഫാൻ പദ്ധതി തുടങ്ങി 14 ദിവസം പിന്നിടുമ്പോൾ ആകെ 2575 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2778 പേരാണ് അറസ്റ്റിലായത്. ഇവരിൽ നിന്നായി 1.589 കി.ഗ്രാം എം.ഡി.എം.എ, 146.490 കി.ഗ്രാം കഞ്ചാവ്, 464.045 ഗ്രാം ഹാഷിഷ് ഓയിൽ, 350.439 ഗ്രാം ബ്രൗൺ ഷുഗർ, 11 എൽ.എസ്.ഡി സ്റ്റാമ്പുകൾ, 141 കഞ്ചാവ് ചെടികൾ എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ

ഫലമായാണ് കഴിഞ്ഞ ദിവസങ്ങളിൽ രണ്ട് വിദേശികളെ ഡൽഹി, ബെംഗളൂരു എന്നിവിടങ്ങളിൽ നിന്നും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞത്. ലഹരി വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് അറസ്റ്റ് നടപടികളോടൊപ്പം തന്നെ ബോധവത്ക്കരണവും പോലീസ് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി നാളിതുവരെ വിവിധ ജില്ലകളിലായി 1526 ബോധവത്കരണ ക്ലാസുകളും 138 കൗൺസിലിംഗുകളും നടത്തിയിട്ടുണ്ട്. ലഹരി വ്യാപനം തടയുക, ഉറവിടം കണ്ടെത്തി നശിപ്പിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യത്തോടെ സംസ്ഥാന രഹസ്യാന്വേഷണ വിഭാഗം T-INT എന്ന് പേരിൽ പുതിയ സംരംഭവും ആരംഭിച്ചിട്ടുണ്ട്. തൂഫാൻ സ്ട്രൈക്ക്, തൂഫാൻ വാരിയേഴ്സ്, തൂഫാൻ കെയർ എന്നീ മൂന്നു ഘട്ടങ്ങളിലായി ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകുമെന്നും പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വൺ മില്ല്യൺ തൂഫാൻ ഗോൾസ് എന്ന പദ്ധതിക്ക് തുടക്കം കുറിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

ലഹരിവസ്തുക്കളുടെ ഉറവിടം കണ്ടെത്തുന്നതിനും വ്യാപനം തടയുന്നതിനും ശക്തമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ സഹകരണം നിർണായകമാണ്. തൂഫാൻ പദ്ധതി വിജയിപ്പിക്കാൻ എല്ലാ ഏജൻസികളും അവരുടെ സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. എയർപോർട്ടുകൾ, സീപോർട്ടുകൾ എന്നിവിടങ്ങളിൽ സമയബന്ധിതമായി യോഗങ്ങൾ ചേരും. ശാസ്ത്രീയ നടപടിക്രമങ്ങളിലൂടെ ലഹരിവേട്ട ഫലപ്രദമാക്കും. ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിന് പോലീസ് നായകൾക്ക് പ്രത്യേക പരിശീലനം നൽകും. ലോക ലഹരി വിരുദ്ധ ദിനമായ ജൂൺ 26ന് എല്ലാ നിയോജക മണ്ഡലങ്ങളിലും എം.എൽ.എമാരുടെ സാന്നിദ്ധ്യത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

വിവിധ കേന്ദ്ര എജൻസികൾ ഈ പദ്ധതിക്ക് വലിയ പിന്തുണ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇന്നത്തെ യോഗത്തിൽ ഉണ്ടായ അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ ഓപ്പറേഷൻ തൂഫാൻ നടപടിക്രമങ്ങളിൽ മാറ്റം വരുത്തും. മാത്രമല്ല കൂടുതൽ ശാസ്ത്രീയ രീതികൾ അവലംബിക്കുമെന്നും അദ്ദേഹം അറിയിച്ചു.

വാർത്താ സമ്മേളനത്തിന് മുൻപ് നടന്ന ഇന്റർ ഏജൻസി കോഓർഡിനേഷൻ യോഗത്തിൽ ആഭ്യന്തര വകുപ്പുമന്ത്രിക്ക് പുറമേ, സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, ആഭ്യന്തര വകുപ്പ് ഉപദേഷ്ടാവും റിട്ടയേർഡ് ഡി.ജി.പിയുമായ എ.ഹേമചന്ദ്രൻ എന്നിവരും പോലീസ് ആസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥർ കസ്റ്റംസ്, കോസ്റ്റ് ഗാർഡ്, നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ, റവന്യൂ ഇൻറലിജൻസ്, കോസ്റ്റൽ പോലീസ്, സംസ്ഥാന ഇന്റലിജൻസ്, കേരള എക്സൈസ്, സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, നാഷണൽ ടെക്നിക്കൽ റിസർച്ച് ഓർഗനൈസേഷൻ, എസ്.ഐ.ബി, ഡി.ആർ.ഐ, എഫ്.ആർ.ആർ.ഒ തുടങ്ങിയ വകുപ്പുകളിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥരും സംസാരിച്ചു.

ഫോട്ടോ ക്യാപ്ഷൻ:

1. പോലീസ് ആസ്ഥാനത്ത് നടന്ന വാർത്താസമ്മേളനത്തിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല സംസാരിക്കുന്നു.സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, ആഭ്യന്തര വകുപ്പ് ഉപദേഷ്ടാവും റിട്ടയേർഡ് ഡി.ജി.പിയുമായ എ.ഹേമചന്ദ്രൻ എന്നിവർ സമീപം.

2.പോലീസ് ആസ്ഥാനത്ത് നടന്ന ഇന്റർ ഏജൻസി കോഓർഡിനേഷൻ യോഗത്തിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല സംസാരിക്കുന്നു.

*************************


KERALA POLICE HEADQUARTERS
BIG TV


KERALA POLICE
CONFERENCE HALL
Polite, Firm


KERALA POLICE
CONFERENCE HALL
OPERATION
TOOFAN
INTER-AGENCY
COORDINATION MEETING
Sri. Ramesh Chennithala
JUNE 16, 2026 | 11 AM